പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 6093 28-10-2011 -ൽ മറുപടിക്ക്.

**മയക്കുമരുന്നു വ്യാപാരം തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. ബാബു എം. പാലിശ്ശേരി | | ശ്രീ. കെ. ബാബു (എക്സൈസും തുറമുഖവും വകുപ്പു മന്ത്രി) |
| (എ) | തൃശ്ശൂർ ജില്ലയിൽ മയക്കുമരുന്നു സംഘങ്ങളുടെ പ്രവർത്തനം വ്യാപകമാകുന്നു എന്ന മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ മയക്കുമരുന്നു വ്യാപാരം അമർച്ച ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വികരിച്ചിട്ടുണ്ട് എന്നറിയിക്കാമോ; | (ബി) | മയക്കുമരുന്നു വ്യാപാരം അമർച്ച ചെയ്യുന്നതിന് കർശന നടപടികൾ സ്വീകരിച്ചു വരുന്നു. 2011 ജനുവരി 1 മുതൽ ഒക്ടോബർ 23 വരെയുള്ള കാലയളവിൽ, തൃശ്ശൂർ ജില്ലയിൽ 16 എൻ.ഡി.പി.എസ്. കേസുകൾ കണ്ടെത്തുകയും, 4 കി.326 ഗ്രാം കഞ്ചാവ് കണ്ടെടുത്ത്, 18 പ്രതികളെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. |
| (സി) | മയക്കുമരുന്നു വ്യാപാരത്തിൽ ഉൾപ്പെട്ട് വിദ്യാർത്ഥികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ; | (സി) | 2 പാരലൽ കോളേജ് വിദ്യാർത്ഥികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. |
| (ഡി) | എങ്കിൽ എക്സൈസ് വകുപ്പിന്റെ ബോധവൽക്കരണ പ്രവർത്തനത്തിൽ വന്നതായ വീഴ്ചയെയാണോ ഇത് സൂചിപ്പിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ഡി) | ബോധവൽക്കരണ പ്രവർത്തനത്തിൽ വീഴ്ച വന്നിട്ടില്ല. |
| (ഇ) | ഇക്കാര്യം പരിശോധിച്ച് എക്സൈസ് വകുപ്പിന്റെ ഭാഗത്ത് നിന്നും ഫലപ്രദമായ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ? | (ഇ) | ഫലപ്രദമായ നടപടികളാണ് സ്വീകരിച്ചു വരുന്നത്. ഹയർ സെക്കന്ററി / കോളേജ് തലങ്ങളിലുള്ള വിദ്യാർത്ഥികളിൽ, മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ദൂഷ്യഫലങ്ങൾ ബോധ്യപ്പെടുത്തുന്ന തരത്തിൽ ആകർഷകമായ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിൽ വരുത്തുന്നതോടൊപ്പം, ജില്ലയിലെ എല്ലാ നിയോജക മണ്ഡലങ്ങളിൽ നിന്നും തിരഞ്ഞെടുക്കുന്ന സ്കൂളുകളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ സ്ഥാപിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതാണ്. |

സെക്ഷൻ ആഫീസർ